# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2541 19.06.2013-ൽ മറുപടിയ്ക്ക്**

**പൊന്നാനിയിൽ എസ്.സി. വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ**

**ചോദ്യം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

**ഉത്തരം**

**ശ്രീ. എ.പി. അനിൽകുമാർ**

**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പൊന്നാനിയിൽ ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഇല്ലാത്തതു മൂലം എസ്.സി. വിഭാഗം വിദ്യാർത്ഥികൾ ഏറെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പൊന്നാനി എം.ഇ.എസ്. കോളേജ്, ഐ.എ.എസ്.കോച്ചിംഗ് അക്കാദമി, മൈനോറിറ്റി കോച്ചിംഗ് സെന്റർ, തിരൂർ തുഞ്ചൻ കോളേജ്, മലയാള സർവ്വകലാശാല, പൊന്നാനിയിലെ രണ്ട് ഐ.ടി. ഐ-കൾ, കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിലെ എസ്.സി. വിദ്യാർത്ഥികൾക്ക് താമസിക്കാൻ പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ ലഭ്യമല്ലാത്തതു മൂലമുള്ള പ്രയാസങ്ങളെപ്പറ്റി അറിയാമോ ; | | |
| (സി) | എങ്കിൽ എസ് .സി . വകുപ്പിന്റെ കീഴിൽ പൊന്നാനി ഈശ്വരമംഗലത്തുള്ള 30 സെന്റ് ഭൂമിയിൽ ഹോസ്റ്റൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പട്ടികജാതി വികസന വകുപ്പിന് ഇവിടെ സ്വന്തമായി ഭൂമി ഇല്ല. ഈശ്വരമംഗലത്തുള്ള ഭൂമി പൊന്നാനി നഗരസഭയുടെ കീഴിലാണ്. പ്രസ്തുത സ്ഥലത്തേക്ക് വാഹന സഞ്ചാര യോഗ്യമായ റോഡ് ഇല്ലാത്തതിനാലും, ഈ പ്രദേശത്തുള്ള പൊന്നാനി എം.ഇ.എസ്. കോളേജ്, കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ്, കെ.സി.എ.ഇ.റ്റി കോളേജ് എന്നിവിടങ്ങളിൽ സ്വന്തമായി ഹോസ്റ്റൽ സൗകര്യം ഉള്ളതിനാലും, ഈ ഭൂമിയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിച്ചാൽ ശരിയായ പ്രയോജനം ലഭ്യമാകാനിടയില്ലാത്തതിനാൽ പ്രസ്തുത സ്ഥലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്. |

Sali KJ

**സെക്ഷൻ ആഫീസർ**